# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂർക്കനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-27/2158/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂർക്കനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-27/2158/2023 തീയ്യതി: 31/10/2023

## മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 14-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ

2.ശ്രീ.ഷാജഹാൻ ഖുറൈശി,അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ.സന്തോഷ് പി ടി,അസി.ഓഡിറ്റ് ഓഫീസർ

4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രശ്മി ശശികുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബി പ്രശാന്ത് | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീ. രാമകൃഷ്ണൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2022 | 09-10-2022 |
| ശ്രീ.ബെൻസി എ ബി | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാമകൃഷ്ണൻ കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. അസ്മാബി പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സമിത വി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. മാർജ സമീർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിലാഷ് വി | വി ഇ ഒ | 01-04-2022 | 22-05-2022 |
| ശ്രീമതി. ഉഷാദേവി കെ | വി ഇ ഒ | 23-05-2022 | 31-03-2023 |
| ഡോ. റൂബി വിദ്യാധരൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഹസ്സൈനാർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 21-06-2022 |
| ഡോ. ബീജോയ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 22-06-2022 | 31-03-2023 |
| ഡോ. ഷമീറ മോൾ ടി പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 27-04-2022 |
| ഡോ ഇൻസാഫ് കെ ടി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-04-2022 | 16-05-2022 |
| ഡോ. ആശ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 17-05-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. റുമീന കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-6 |
| 8 | സ്ഥിര നിക്ഷേപം - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-1-8 |
| 10 | മാർച്ച് മാസത്തെ ബാങ്ക് റീക്കൺസിലിയേഷൻ പത്രികയിൽ Directly Credited By Bank ഇനത്തിലുള്ള വൗച്ചറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പെൻഷൻ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 21 | വിളഒ രശീതി ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-12 |
| 22 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-13 |
| 23 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അധികം നൽകിയ തുക 28500 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-14 |
| 24 | സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-15 |

| | | |
|---|---|---|
| 25 | പുതിയ ഓഫീസ് ഫർണിഷിംഗ് -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി | 1-16 |
| 26 | പഞ്ചായത്ത് ഓഫീസ് നെയിംബോർഡ് , അനുബന്ധ സൗകര്യങ്ങൾ പദ്ധതി- അപാകതകൾ | 1-17 |
| 27 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -വിവിധ അപാകതകൾ | 1-18 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് - ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. | 1-19 |
| 29 | എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 30 | പരിരക്ഷാ പദ്ധതി - അപാകതകൾ | 1-21 |
| 31 | മെൻസ്ട്രൽ കപ്പ് പൂർണമായും വിതരണം ചെയ്യേണ്ടതാണ് | 1-22 |
| 32 | ലൈഫ് ഭവന പദ്ധതി - ജനറൽ അപാകതകൾ | 1-23 |
| 33 | തുല്യതാ പഠനം- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 34 | ബയോബിൻ വിതരണം- അപാകതകൾ | 1-25 |
| 35 | ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-26 |
| 36 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-27 |
| 37 | അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-27-1 |
| 38 | ഡെപ്പോസിറ്റ് വർക്ക്-രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-27-2 |
| 39 | റോഡ് കണക്ടിവിറ്റി മാപ്പ് &ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചില്ല | 1-28 |
| 40 | കറന്റ് അക്കൌണ്ടിൽ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -10,000 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കേണ്ട നിർദേശങ്ങളും അനുസരിച്ച് മൂർക്കനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.07.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 31.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 13460580/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 11013952/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 ബാങ്ക് റീകൺസിലിയേഷൻ പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-5 ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ലൈസൻസ് ,ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, ഡിമാന്റ് രജിസ്റ്ററുകൾ , ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-6 ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 33, B5 ഷെഡ്യൂളുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

### 1-1-7 സ്ഥിര നിക്ഷേപം - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ഹാജരാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം ആകെ 20945722 രൂപയാണ് സ്ഥിര നിക്ഷേപമുള്ളത്. എന്നാൽ വാർഷിക കണക്ക് B12 പ്രകാരം 20947280 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

### 1-1-8 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

| Instrument No | Instrument Date | Amount |
|---|---|---|
| 22200847 | 20.02.2023 | 8771 |
| 22200842 | 07.03.2023 | 14160 |

### 1-1-9 മാർച്ച് മാസത്തെ ബാങ്ക് റീക്ൺസിലിയേഷൻ പത്രികയിൽ Directly Credited By Bank ഇനത്തിലുള്ള വൗച്ചറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

| Instrument No | Instrument Date | Amount |
|---|---|---|
| E-poc | 29.06.2022 | 13000 |
| E-poc | 29.06.2022 | 4920 |
| E-poc | 29.06.2022 | 400 |

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/ 13.03.2022 | 2(1) / 01.03.2023 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 31,240,117 |
| വരവ് | 212990850 |
| ആകെ | 244230967 |
| ചെലവ് | 201976898 |
| നീക്കിയിരിപ്പ് | 42254069 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 25780000 | 25780000 | 23511082 | 2268918 |

| | | | | | |
|---|---|---|---|---|---|
| (ജനറൽ) | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6482368 | 6482368 | 5921950 | 560418 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9163000 | 9163000 | 8687930 | 475070 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6123000 | 6123000 | 3909741 | 2213259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 7203200 | 7203200 | 3867400 | 3335800 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 3823117 | 3823117 | 3679236 | 143881 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 197 | 202637089 | 146 | 77372616 | 4 | 47 | 74.11 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 289055 | 572185 | 861240 | 852633 | 8607 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33797856 | 33797856 | 33797856 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 2,870,400 | 1833 |
| വിധവാപെൻഷൻ | 21,959,000 | 514 |
| വാർദ്ധക്യകാലപെൻഷൻ | 27,909,800 | 18445 |
| വികലാംഗപെൻഷൻ | 6,476,800 | 4096 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ.....സഹായം | 809,600 | 514 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2023 ന് 2.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1883/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
2.അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
4. ഐ സി ഡി എസ് സൂപ്പർവൈസർ,വിഇഒ,മെഡിക്കൽ ഓഫീസർ എഫ് എച്ച് സിഎന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ഹരിതകർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തി മാലിന്യ നിർമ്മാർജനം കാര്യക്ഷമമായി പൂർണ്ണതയിലെത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.01.2023 | 14/2022 -07/2022 | 25.08.2022 |
| എ.ജി ഓഡിറ്റ് | 19.09.2017 | 2016-17 | 04.10.2017 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

KSEB, KWA മുതലായ ഏജൻസികൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി പ്രസ്തുത ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കിഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | കുഴൽക്കിണർ റിപ്പയർS0031/13 | 12-13 | GWD | 100000 | SCP | - | 100000 |
| 2 | അംഗൻവാടി വൈദ്യുതീകരണം S0041/13 | 12-13 | KSEB | 198829 | MG-NR | - | 198829 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | കടന്നമ്പറ്റ SC കോളനി കുടിവെള്ള പദ്ധതി S0184/14 | 13-14 | KWA | 244589 | SCP | - | 244589 |
| 4 | പൂവക്കുഴി കോളനി കുടിവെള്ള പദ്ധതി S0185/14 | 13-14 | KWA | 641625 | SCP | - | 641625 |
| 5 | നമ്പിടിക്കുന്ന് കുടിവെള്ള പദ്ധതി S0186/14 | 13-14 | KWA | 763000 | SCP | - | 763000 |
| 6 | വിവിധ വാർഡുകളിലേക്ക് കുടിവെള്ളം പൈപ്പ് ലൈൻ S0184/17 | 16-17 | KWA | 40,00,000 | Plan- G : 1188458 SCP : 2811542 | - | 40,00,000 |
| 7 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ S0124/18 | 17-18 | KWA | 20,00,000 | CFC : 1430924 തനത് ഫണ്ട് : 569076 | - | 20,00,000 |
| | വെങ്ങാട് പ്രദേശത്ത് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ അധിക തുക നിക്ഷേപിക്കൽ S0280/19 | 18-19 | KWA | 783076 | CFC | - | 783076 |
| | മുക്കത്ത് പറമ്പ് റോഡ് പൈപ്പ് ലൈൻ S0255/21 | 20-21 | KWA | 150000 | തനത് ഫണ്ട് | - | 150000 |
| | പൂഴിക്കത്ത് കോളനി റോഡ് കട്ടിംഗും പൈപ്പ് ലൈൻ നീട്ടലും S0257/21 | 20-21 | KWA | 170000 | തനത് ഫണ്ട് | - | 170000 |
| | ദുരന്ത നിവാരണത്തിന്റെ ഭാഗമായി പള്ളിയാൽ കുളമ്പ് മൃഗാശുപത്രി പൈപ്പ് ലൈൻ നീട്ടൽ S0258/21 | 20-21 | KWA | 700000 | CFC Tied | - | 700000 |
| | PHCയിൽ കുഴൽക്കിണർ S0259/21 | 20-21 | KWA | 44774 | CFC | - | 44774 |
| | അംഗണവാടികളിൽ കുടിവെള്ള കണക്ഷൻ S0303/21 | 20-21 | KWA | 900000 | തനത് ഫണ്ട് | - | 900000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വെങ്ങാട് ഇ.എം.എസ്. കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ S0319/21 | 20-21 | KWA | 600000 | CFC Tied | - | 600000 |
| | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ S0323/21 | 20-21 | KWA | 2158500 | CFC Tied | - | 2158500 |
| | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സ്ട്രീറ്റ് മെയ്ൻ വലിക്കൽ S0221/21 | 21-22 | KSEB | 560016 | CFC : 710840 തനത് ഫണ്ട് : 77317 | - | 560016 |
| | ആകെ | | | | | | 14014409 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 02/11-09-2023) ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-12 വിളർ രശീതി ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജെക്റ്റ് നമ്പർ 66/വീടുകൾക്ക് ബയോബിൻ നൽകുന്നതിനായി ധനകാര്യകമ്മീഷൻ അവാർഡിൽനിന്നും ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 1539846 രൂപ ചെലവഴിക്കുകയും 171094 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് താഴെ പറയുന്ന രശീതി ബുക്കുകൾ (രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) ശ്രീ അഭിലാഷ് വി.ഇ.ഒയ്ക്ക് 03.02.2022 ന് കൈമാറിയിട്ടുണ്ട്. 853 ഗുണഭോക്താക്കളാണ് നിലവിലുള്ളത്.

| ക്രമനമ്പർ | രശീതി ബുക്ക് നമ്പർ/ തിയതി | പിരിച്ചെടുത്ത തിയതി | രശീതി നമ്പർ | തുക | അടവാക്കിയ തുക | തിയതി |
|---|---|---|---|---|---|---|
| 1 | 8419 | 15.2.22 | 1മുതൽ 33 വരെ | 7260 | 14300 | 16.2.22 |
| | | 16.2.22 | 34 മുതൽ 66 വരെ | 7260 | 22880 | 17.2.22 |
| | | 17.2.22 | 67മുതൽ 100 വരെ | 7480 | 7700 | 19.2.22 |
| 2 | 8420 | 17.2.22 | 1മുതൽ 70 വരെ | 15400 | 33000 | 21.2.22 |
| | | 19.2.22 | 71 മുതൽ 100 വരെ | 6600 | 11000 | 22.2.22 |
| 3 | 8421 | 19.2.22 | 1 മുതൽ 5 വരെ | 1100 | 1540 | 25.2.22 |
| | | 21.2.22 | 6 മുതൽ 100 വരെ | 20900 | 29040 | 3.3.22 |
| 4 | 8422 | 21.2.22 | 1മുതൽ 56 വരെ | 12320 | 25740 | 5.3.22 |
| | | 22.2.22 | 57 മുതൽ 100 വരെ | 9680 | 26620 | 5.3.22 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 8423 | 22.2.22 | 1 മുതൽ 6 വരെ | 1320 | 8360 | 25.2.22 |
| | | 25.2.22 | 7 മുതൽ 44 വരെ | 8360 | | |
| | | 28.2.22 | 45 മുതൽ 51 വരെ | 1540 | | |
| | | 3.3.22 | 52 മുതൽ 100 വരെ | 10780 | | |
| 6 | 8424 | 3.3.22 | 1 മുതൽ 83 വരെ | 18260 | | |
| | | 5.3.22 | 84 മുതൽ 100 വരെ | 3740 | | |
| 7 | 8425 | 5.3.22 | 1 മുതൽ 100 വരെ | 22000 | | |
| 8 | 8426 | 7.3.22 | 1 മുതൽ 100 വരെ | 22000 | | |
| 9 | 8427 | 7.3.22 | 1 മുതൽ 53 വരെ | 11660 | 6160 | 31.3.22 |
| | ആകെ | | | 187660 | 186340 | |

അപാകതകൾ

1. 2021-22 വർഷത്തെ ലെഡ്ജർ പരിശോധിച്ചതിൽ 186340 രൂപയാണ് അടവ് വന്നിട്ടുള്ളത്.എന്നാൽ രശീതി ബുക്കുകൾ പ്രകാരം 187660 രൂപ പിരിച്ചെടുത്തതായി കാണുന്നു.വ്യത്യാസം 1320 രൂപ. (ചെലവ് സ്റ്റേറ്റ്മെന്റിൽ 171094 രൂപ)

2. രശീതി ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചല്ല പല രശീതിയിലും പിരിവ് നടത്തിയിട്ടുള്ളത്

3. ഗുണഭോക്താക്കൾക്ക് കൈപ്പറ്റ് രശീതി മുറിച്ചു നൽകിയിട്ടില്ല.

4. കളക്ഷൻ രജിസ്റ്ററിൽ ഗുണഭോക്താക്കളിൽ നിന്നും പണം പിരിച്ചതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല ഉദാ. പേജ് 27,28

5. ഉപയോഗിക്കാത്ത രശീതി ബുക്കുകൾ കാൻസൽ ചെയ്തിട്ടില്ല. ഉദാ.ക്രമനമ്പർ 9
6. രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

7. ക്രമനമ്പർ 9 ബുക്ക് രശീതി നമ്പർ 26 മുതൽ 53 വരെ തിയതി രേഖപ്പെടുത്തിയിട്ടില്ല.

8. ക്യാൻസൽ ചെയ്ത രശീതികളിലും കളക്ഷൻ രജിസ്റ്ററിലും രശീതി ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.
9. രശീതിയിൽ രേഖപ്പെടുത്തിയ തിയതികളിലെ കളക്ഷനെക്കാൾ അധിക തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നു. അവസാന തിയതികളിലെ കളക്ഷൻ തുകകൾ ഒടുക്കാതെയും കാണുന്നു. ആയതിൽ നിന്നും രശീതിയിൽ രേഖപ്പെടുത്തിയ തിയതികൾ യഥാർത്ഥമല്ല എന്ന് കാണുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

10. പിരിച്ചെടുത്ത പണം ഗ്രാമ പഞ്ചായത്തിൽ തൊട്ടടുത്ത ദിവസം അടവാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 20 ലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല.ജിഒ(എംഎസ്)83/11/തസ്വഭവ തി.28.3.2011
ഇതു സംബന്ധിച്ച് നമ്പർ 16/ 16.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.രശീതി ബുക്കുകൾ കൈകാര്യം ചെയ്യുമ്പോൾ 2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ് ) ചട്ടങ്ങളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-13 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി മൂർക്കനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 14 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 08.07.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/2 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് , മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം പഞ്ചായത്ത് സമിതി യോഗം 2/3 നമ്പർ തീരുമാന പ്രകാരം 18.05.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). പുതുക്കിയ വസ്തുനികുതി നിരക്ക് സംബന്ധിച്ച പ്രാഥമിക നോട്ടീസ് 20.06.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ നാളിതു വരെയും പുതുക്കിയ നികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ

സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ് .

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്. റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര്

അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ് .

2022-23 സാമ്പത്തിക വർഷത്തിൽ 1,97,600/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നമ്പർ. 1/22-23 തിയ്യതി 11.09.2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അധികം നൽകിയ തുക 28500 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര്: പ്രത്യേക പരിഗണന അർഹിയ്ക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
പ്രോജക്റ്റ് നം : 125/23

അടങ്കൽ : 3351800

വികസന ഫണ്ട് :1445300

ബ്ലോക്ക് പഞ്ചയത്ത് : 725500

ചെലവ് : 2170800 രൂപ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു -
28.05.2022 ലെ ജി.ഒ.(കൈ)നം.115/2022/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരമാവധി 28500 രൂപ നൽകാവുന്നതാണ്. എന്നാൽ മുഹമ്മദ് സുഹൈബ് (അക്കൗണ്ട് നം. 67379477496) എന്ന വിദ്യാർത്ഥിയ്ക്ക് അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബില്ലിന്റെ വിവരം | അനുവദിച്ച തുക |
|---|---|
| 15/ 18.03.2023 | 28500/- |
| 25/28.03.2023 | 28500/- |
| Total | 57000 രൂപ |

സ്കോളർഷിപ്പിനത്തിൽ 28500/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി (നം.5/22-23/13.09.2023) ക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . സ്കോളർഷിപ്പിനത്തിൽ അധികം നൽകിയ 28,500/- രൂപ തടസ്സപ്പെടുത്തുന്നു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ താഴെ പറയുന്ന റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് /രജിസ്ട്രേഷൻ എടുത്തതായി

കാണുന്നില്ല.

| റൂം നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 2/165 | കുറുത്തമ്മ ഫുഡ് പ്രോഡക്ട് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 2/168-B | അബ്ദുഫ് കൈവല്യയോഗ അക്കാദമി | രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല |
| 2/160 | മൈത്രി ക്യാന്റീൻ | ലൈസൻസ് പുതുക്കിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 23/22-23 തി: 16.09.2023 ന് മറുപടി ലഭ്യമായില്ല)

## 1-16 പുതിയ ഓഫീസ് ഫർണിഷിംഗ് -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി

പ്രൊജക്ട് : പുതിയ ഓഫീസ് ഫർണിഷിംഗ്

നം : S0043/2023

അടങ്കൽ- 3,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 22200962/31-03-2023 : 1,36,070

റബ്കോ മുഖേന നേരിട്ട് നിർവ്വഹണം നടത്തുന്നതിനാണ് പുതിയ ഓഫീസ് ഫർണിഷിംഗ് (വുഡ് പാനലിംഗ്) എന്ന S0294/2018-ാം നമ്പർ പദ്ധതി 3,00,000 രൂപ (തനത് ഫണ്ട്) അടങ്കലിൽ 2017-18 ൽ ആവിഷ്കരിച്ചതും DPCഅംഗീകാരം ലഭിച്ചതും. സ്പിൽ ഓവറായി S0245/2019-ാം നമ്പർ പ്രകാരം 2018-19ലാണ് ആയതിന്റെ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. എന്നാൽ, ഒറിജിനൽ പ്രൊജക്ടിൽ നിന്ന് വ്യത്യസ്തമായി സെർവർ റൂമിലേക്ക് എ.സി, Steel Almira With Glass Door, കെന്റ് വാട്ടർ പ്യൂരിഫയർ, എയർപോർട്ട് ചെയർ എന്നിവ 50,000 രൂപക്ക് താഴെ വരുന്ന ക്വട്ടേഷനുകൾ ക്ഷണിച്ച് വാങ്ങുന്നതിനാണ് 22-01-2019ലെ 1(10)-ാം നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചത്. ടെണ്ടർ നടപടികൾ ഒഴിവാക്കാനാകും എന്ന തെറ്റായ ധാരണയിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത് എന്ന് മനസ്സിലാകുന്നു.

പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. ഓഫീസ് ഉപകരണം, ഫർണ്ണിച്ചർ എന്നിവ ഒരു വർഷത്തേക്കുള്ളത് കണക്കാക്കി ഒന്നിച്ച് വാങ്ങുക എന്ന ജി.ഒ (പി) നം.259/2010/08-11-2010-ാം നമ്പർ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 2-3(d) പ്രകാരമുള്ള നിർദ്ദേശവും, ആകെ ആവശ്യകതയുടെ മതിപ്പ് മൂല്യം കണക്കാക്കുമ്പോൾ ഉന്നതാധികാരികളുടെ അംഗീകാരം ആവശ്യമുള്ള വാങ്ങലുകളിൽ, ആയത് ഒഴിവാക്കുന്നതിനായി ആവശ്യകതയെ ചെറിയ ഘടകങ്ങളായി വിഭജിക്കുവാൻ പാടില്ല എന്ന ജി.ഒ.(പി) നം.03/2013/ SPD/21-06-2013-ാം നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7(2) പ്രകാരവുമുള്ള വ്യക്തമായ സർക്കാർ നിർദ്ദേശവും ലംഘിച്ച് കൊണ്ടാണ് മേൽ ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

2. ക്വട്ടേഷൻ ക്ഷണിച്ചതിന്റ രേഖകളൊന്നും ഫയലിലില്ല. എന്നാൽ, കുറ്റിപ്പുറത്തുള്ള 3 സ്ഥാപനങ്ങളുടെ 3 ക്വട്ടേഷനുകൾ വീതം ഫയലിലുണ്ട്. സാധനങ്ങൾ വിതരണം ചെയ്ത ഹൈലുക്ക് ഫർണ്ണിച്ചർ, കുറ്റിപ്പുറം രേഖപ്പെടുത്തിയ നിരക്കുകൾ താഴെ കാണും പ്രകാരമാണ് -

| ക്വട്ടേഷൻ | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | കെന്റ് വാട്ടർ പ്യൂരിഫയർ | 38900 |
| | Steel Almirah With Glass Door | 9240 |
| 2 | Airport Chair | 6450 |
| | Steel Rack For Record Room | 14698 |
| 3 | 1 Ton A/C To Server Room | 39990 |

ഭരണസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല എന്ന് വ്യക്തമായി. അംഗീകരിച്ച എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് സെലക്ഷൻ നോട്ടീസ് (എ2-3040/19 /22-01-2019), സപ്ലൈ ഓർഡർ (എ2-3040/19/25-01-2019) എന്നിവ ഹൈലക്ക് ഫർണ്ണിച്ചർ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് അയച്ചിട്ടുള്ളത്. മേൽ പട്ടിക പ്രകാരമുള്ള ഇനങ്ങൾ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളതായി നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു.

3. 2018-19ൽ വിതരണം ചെയ്ത മേൽ സ്റ്റോറുകൾക്ക് തുക നൽകുന്നത് 31-03-023ന് മാത്രമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25-03-2023ലെ 2-1(2)-ാം നമ്പർ തീരുമാന പ്രകാരമാണ് 1,36,070രൂപ നൽകുന്നത്. പദ്ധതിയുടെ നടത്തിപ്പിൽ ചട്ട പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന കാരണത്താലാണ് നാളിതുവരെ പ്രവൃത്തി നടത്തിയ സ്ഥാപനത്തിന് ബിൽ തുക അനുവദിക്കാതെയിരുന്നത് എന്ന് ഭരണസമിതി തീരുമാനത്തിൽ ഉണ്ടെങ്കിലും, ആയതിന്റെ വിശദാംശങ്ങളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച എങ്കിലും ബിൽ പ്രകാരം അനുവദിച്ച കിട്ടേണ്ട തുക നാളിതുവരെ കിട്ടിയിട്ടില്ല എന്ന് കാണിച്ച കൊണ്ട് ശ്രീ. ബാവ ഷറഫുദ്ദീൻ. ആർ. കെ എന്നയാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിക്കുകയും, പ്രസ്തുത പരാതി പരിഗണിച്ച് 31/03/2023-നകം പരാതിക്കാരന് തുക നൽകുന്നതിന് 23-12-2022ൽ ഉത്തരവായിരുന്നു. 50,000 രൂപയുടെ ക്വട്ടേഷനുകൾ ആണ് ക്ഷണിച്ചിരുന്നത് എന്നും ആയത് പ്രകാരം മൂന്ന് എണ്ണത്തിന് മാത്രം ടെണ്ടർ സമർപ്പിച്ചിട്ടുള്ളതിനാൽ സ്ഥാപനം സമർപ്പിച്ച നാല് ബില്ലുകൾ പ്രകാരമുള്ള തുകകൾ അനുവദിക്കാൻ പാടില്ല എന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

എന്നാൽ, മേൽ പദ്ധതിക്കായി ടെണ്ടറുകൾ ഒന്നും സമർപ്പിച്ചിട്ടില്ല, മൂന്ന് ക്വട്ടേഷനുകളിലായി അഞ്ച് ഇനങ്ങളുടെ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷനിൽ രേഖപ്പെടുത്തുകയും വിതരണം ചെയ്യുകയും ചെയ്ത ഇനങ്ങൾക്ക് മാത്രമാണ് സ്ഥാപനം ബിൽ സമർപ്പിച്ചിട്ടുള്ളത്. ക്വട്ടേഷനിൽ രേഖപ്പെടുത്തി, വിതരണം ചെയ്ത Steel Rack For Record Room എന്ന ഇനത്തിന് ആയതിന്റെ വില 58790 രൂപ നൽകാതിരിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. കൂടാതെ, ബഹു. ഓംബുഡ്സ്മാൻറെ 23/12/2022 തിയ്യതിയിലെ ഉത്തരവിൽ പരാതിക്കാരനായ ശ്രീ. ബാവ ഷറഫുദ്ദീൻ ആർ.കെ - ക്ക് തുക നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ S0245/2019-ാം നമ്പർ പ്രൊജക്ട് പ്രകാരം സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ളത് ഹൈലക്ക് ഫർണ്ണീച്ചർ, കുറ്റിപ്പുറത്തിന്റെ പ്രൊപ്രൈറ്റർ, ശ്രീമതി. ഷീബ.യു ആണ്. ശ്രീ. ബാവ ഷറഫുദ്ദീൻ ആർ.കെ ഈ പ്രൊജക്ട് പ്രകാരം സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. പദ്ധതി സംബന്ധിച്ച് ബഹു. ഓംബുഡ്സ്മാന് കൃത്യമായി റിപ്പോർട്ട് നൽകിയിട്ടില്ലാ എന്നാണ് ഇത് വ്യക്തമാക്കുന്നത്.
അപാകതകൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/18-09-2023 ന് ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ വിധി പ്രകാരം തുക നൽകുകയാണ് ചെയ്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പൊതുപണത്തിന്റെ ക്രമപ്രകാരമല്ലാത്ത വിനിയോഗമാണ് ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസ് നെയിംബോർഡ് , അനുബന്ധ സൗകര്യങ്ങൾ പദ്ധതി- അപാകതകൾ

പ്രൊജക്ട് : പഞ്ചായത്ത് ഓഫീസ് നെയിംബോർഡ് , അനുബന്ധ സൗകര്യങ്ങൾ

നം : S0044/2023

അടങ്കൽ- 3,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 22200963/31-03-2023 : 2,89,329 (+ GST : 5906)

2018-19 ൽ S0065/2019-ാം നമ്പർ പ്രകാരം DPC അംഗീകാരം ലഭിച്ച് നിർവ്വഹണം നടത്തിയതാണ് പഞ്ചായത്ത് ഓഫീസ് നെയിംബോർഡ് , അനുബന്ധ സൗകര്യങ്ങൾ എന്ന പദ്ധതി.

പ്രൊജക്ട്, ടെണ്ടർ നോട്ടീസ്, സപ്ലൈ ഓർഡർ എന്നിവയിലൊന്നും എന്ത് പ്രവൃത്തിയാണ് ചെയ്യേണ്ടത് എന്ന്

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. നെയിംബോർഡുകൾ സ്ഥാപിച്ചതായും, ചുവരെഴുത്തും ചുമർച്ചിത്രങ്ങളും ഉൾപ്പടെയുള്ള ആർട്ട് വർക്കുകൾ ചെയ്തതായും കാണുന്നു. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ആയതിന്റെ വാല്യേഷൻ നടത്തിയിട്ടില്ല. പദ്ധതി പ്രകാരമുള്ള തുക നൽകിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/18-09-2023 ന് ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ വിധി പ്രകാരം തുക നൽകുകയാണ് ചെയ്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പൊതുപണത്തിന്റെ ക്രമപ്രകാരമല്ലാത്ത വിനിയോഗമാണ് ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് 23.12.2022 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വ്യക്തമായ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-18 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -വിവിധ അപാകതകൾ

പ്രൊജക്ട് : എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം : S0083/2023

അടങ്കൽ- 2085368 (SCP-1085368, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്-500000, ജില്ലാപഞ്ചായത്ത് ഫണ്ട് -500000)

ബിൽ നം.12/16-02-2023 : 4,20,000

ബിൽ നം.13/27-02-2023 : 80,000

ബിൽ നം.16/19-03-2023 : 1,00,000

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം നൽകിയതായി കാണുന്നു -

| ക്രമ നം. | പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | ആദിത്യ പി | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി, MKH സ്കൂൾ ഓഫ് നഴ്സിംഗ്, തിരൂരങ്ങാടി | 20,000 | 15,000 | 5,000 |
| 2 | മന്യ പി.പി | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി, സത്യഭാമ സ്കൂൾ ഓഫ് നഴ്സിംഗ്, കടപ്പ | 20,000 | 15,000 | 5,000 |
| | | | | ആകെ | 10,000 |

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഫെസ്റ്റിവൽ അഡ്വാൻസ് - ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22200391/21-09-2022-ാം നമ്പർ വൗച്ചർ പ്രകാരം 1,86,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല -

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. ഷഹീർ എ.എം, ക്ലർക്ക് | 15,000 | - | 15,000 |
| 3 | ശ്രീ. നിതിൻ സി.എസ്, ക്ലർക്ക് | 20,000 | 16,000 | 4,000 |

ഓഡിറ്റ് എൻക്വയറി നം. 18/16-09-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് : എസ്.എസ്.എ വിഹിതം അടവാക്കൽ

നം : S0075/2023

അടങ്കൽ - 9,00,000 (വികസന ഫണ്ട് )

BRN 22151552013400482556/30-08-2022 : 6,00,000

BRN 22151552013400763701/11-11-2022 : 3,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 9,00,000 രൂപ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 9,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-21 പരിരക്ഷാ പദ്ധതി - അപാകതകൾ

ദീർഘകാല രോഗങ്ങളാലും മാറാ രോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം വേണ്ടി വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് പരിരക്ഷാ പദ്ധതി.മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ പരിരക്ഷാ പദ്ധതിക്കായി താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 23/22-23 പരിരക്ഷ |
| ആകെ അടങ്കൽ | 8,50,000രൂപ വികസന ഫണ്ട്<br>1,00,000 രൂപ തനത് ഫണ്ട് |
| ചെലവ് | 8,36,760 രൂപ വികസന ഫണ്ട്<br>41,934രൂപ തനത് ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി<br>മൂർക്കനാട് |

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

1 മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനുട്ട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ 1.6.22,3.12.22,18.3.22 തിയതികളിലായി ആകെ 3 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്.

2 പരിരക്ഷാ പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഡ്രൈവർ ശ്രീ.അസ്കർ അലി പി പിക്ക് പരിരക്ഷാ രോഗികളുടെ ഭവനസന്ദർശനത്തിന് വേണ്ടി ട്രിപ്പ് ഓടിയതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

വണ്ടി നമ്പർ KL 53G7186

| ബിആർഎൻ നമ്പർ/തിയതി | അനുവദിച്ച തുക | മാസം |
|---|---|---|
| 221551552029700426232 /17.8.22 | 33,000 | ഏപ്രിൽ,മെയ് ജൂൺ |
| 221551552029700567260/23.9.22 | 24,000 | ജൂലൈ,ആഗസ്റ്റ് |
| 221551552029700800564/21.11.22 | 15,000 | ഒക്ടോബർ |

| | | |
|---|---|---|
| 221551552029700858547/3.12.22 | 16,000 | നവംബർ |
| 221551552029701009884/7.1.22 | 15,000 | ഡിസംബപർ |
| 221551552029701115052/31.1.23 | 16,000 | ജനവരി |
| 221551552029701404984/20.3.23 | 32,000 | ഫെബ്രുവരി,മാർച്ച് |
| ആകെ | 151000 | |

ആദായനികുതി നിയമം സെക്ഷൻ 194 C പ്രകാരം 1,00,000 രൂപയ്ക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കോൺട്രാക്ടിന് PAN ഉണ്ടെങ്കിൽ 1% ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. PAN ഇല്ലാത്തപക്ഷം 20% ആയത് ഈടാക്കേണ്ടതാണ്.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 4/ 12.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ ആദായനികുതി ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 മെൻസ്ട്രൽ കപ്പ് പൂർണമായും വിതരണം ചെയ്യേണ്ടതാണ്

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 230/22-23 വിവാഹിതരായ വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വാങ്ങി നൽകുകയും ബോധവൽക്കരണവും |
| ആകെ അടങ്കൽ | 1,77,360രൂപ വികസന ഫണ്ട് |
| ചെലവ് | 1,50,000 രൂപ വികസന ഫണ്ട്<br>ബിആർഎൻനമ്പർ<br>22151552029701573637/31.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി<br>മൂർക്കനാട് |

സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ തി.28.5.22 ഖ.7.6.8 പ്രകാരം മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന്റെ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊജെക്ടിന്റെ നിർവഹണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും(ഇന്ത്യാ ഗവൺമെന്റ് സ്ഥാപനം) മെൻസ്ട്രൽ കപ്പ് (MDMCP0012LRL WITHOUT CONTAINER) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ / തിയതി | മെനസ്ട്രൽ കപ്പിന്റെ എണ്ണം | മെനസ്ട്രൽ കപ്പിന്റെ വില | വില | SGST | CGST | ആകെ വില |
|---|---|---|---|---|---|---|
| 9423046623<br>24.3.23 | 200 | 267.86 | 53572 | 3214.32 | 3214.32 | 60000 |
| 9423046481<br>20.3.23 | 300 | 267.86 | 80358 | 4821.48 | 4821.48 | 90000 |
| ആകെ | | | | | | 1,50,000 |

മേൽ പ്രൊജെക്ടിന്റെ ഭാഗമായി വാങ്ങിയ മെൻസ്ട്രൽ കപ്പുകൾ പൂർണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആയതിന് സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 3/12.3.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയെങ്കിലും സ്റ്റോക്ക് ആന്റ് ഇഷ്യൂ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി - ജനറൽ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജെക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ/ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 186/ ലൈഫ് ഭവനപദ്ധതി എസ് സി | 12000000 | 1580000 |

| | | | |
|---|---|---|---|
| 2 | 65/ലൈഫ് ഭവനപദ്ധതിഎസ് സി സ്പിൽ ഓവർ | 12980000 | 6660000 |
| 3 | 249/ലൈഫ് ഭവനപദ്ധതി എസ് സി | 15600000 | 2320000 |
| 4 | 176/ലൈഫ് ഭവനപദ്ധതി | 73200000 | 9060000 |

ലൈഫ് ജനറൽ വിഭാഗത്തിൽ 171 പേരും എസ് സി വിഭാഗത്തിൽ 66 ഗുണഭോക്താക്കളുമാണ് നിലവിലുള്ളത്.
പ്രൊജെക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൽ കാണുന്നു.
1 ഗുണഭോക്താക്കളുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ധനസഹായം വിതരണം ചെയ്യുന്നത്.കൂടാതെ നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാക്കുറിപ്പും ഫയലിൽ ഇല്ല. ആയത് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3 ഭവനനിർമ്മാണ രജിസ്റ്ററിൽ ബിൽ നമ്പർ/ തിയതി , വർഷം , പ്രൊജെക്ട് നമ്പർ എന്നിവ രേഖപ്പെടുത്തി വി ഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4 കാഷ്ബുക്കിൽ പ്രൊജെക്ടിന്റെ പേരും ചെലവവിച്ച തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബിൽ/ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുകയും വി.ഇ ഒ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ക്യാഷ് ബുക്ക് OB, CB ഉൾപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതാണ്.

5 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ ഫോറം പൂർണമായും പൂരിപ്പിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിന്റെ പുരോഗതി കാണിക്കുന്ന പത്രിക സൂക്ഷിക്കുന്നത് ഉചിതമാണെന്ന് അഭിപ്രായപ്പെടുന്നു.

അപാകതകൾ പരിഹരിക്കേണ്ടതാണ്. ഭവന നിർമ്മാണ പുരോഗതി അറിയിയ്ക്കേണ്ടതാണ്.

2ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2018-19 വർഷത്തിൽ ആരംഭിച്ച ലൈഫ് ഭവന പദ്ധതി (ഫേസ് 2)ഭവനനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | തിയതി |
|---|---|---|
| ശ്രീമതി.നബീസ<br>W/o അബൂബക്കർ<br>വൈശ്യൻ ഹൗസ്<br>കൊളത്തൂർ | 40,000 രൂപ | 12.7.18 |
| ശ്രീ.അഹമ്മദ് പി<br>S/o അബൂബക്കർ<br>പറപ്പള്ളത്ത് ഹൗസ്<br>മൂർക്കനാട്<br>വാർഡ് 9 | 40000 രൂപ | 27.8.19 |
| | 1,60,000 | 27.10.19 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ മേൽ ഗുണഭോക്താക്കളുടെ ഫയലും ബില്ലുകൾ ഉൾപ്പടെയുള്ള അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 10 / 15.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കൈപ്പറ്റിയ തുക തിരിച്ചീടാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 തുല്യതാ പഠനം- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : തുല്യതാ പഠനം

നം : S0046/2023

അടങ്കൽ - 73600 (തനത് ഫണ്ട് )

വൗച്ചർ നം. 22200244/23-07-2023

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 18 വിദ്യാർത്ഥികളുടെ പത്താംതരം തുല്യതാ കോഴ്സ് ഫീസായി 31500 (18x1750) രൂപയും, ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഫീസായി 41800 (19x2200) രൂപയും ഡയറക്ടർ കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ അതോരിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. റജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് ഫയലിലുള്ളത്. പരീക്ഷ എഴുതിയവരുടേയും, യോഗ്യത നേടിയവരുടേയും വിവരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന 21/16-09-2023 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പത്താംതരം തുല്യതാ പരീക്ഷ നടന്നു കൊണ്ടിരിക്കുകയാണ് എന്നും, ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് റജിസ്റ്റർ ചെയ്ത 19 പേരിൽ, 8 പേർ പരീക്ഷ എഴുതിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. അടവാക്കിയ തുക ക്രമീകരിച്ച്, യോഗ്യത നേടിയവരുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 ബയോബിൻ വിതരണം- അപാകതകൾ

2022-23 വർഷത്തിൽ വിഇഒ നിർവഹണം നടത്തിയ ബയോബിൻ വിതരണം എന്ന പ്രൊജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ / പേര് | 31/വീടുകൾക്ക് ബയോബിൻ വിതരണം |
| അടങ്കൽ | 10,60,000 രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്<br>തനത് ഫണ്ട്-1965 രൂപ<br>ഗുണഭോക്തൃവിഹിതം-1,17,996 രൂപ |
| ചെലവ് | 9,67,500 രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്<br>XVFC/22-23/P/54 തി. 31.3.23<br>ഗുണഭോക്തൃവിഹിതം-1,07,500രൂപ<br>ചെക്ക് നമ്പർ186556/ 31.3.23<br>ആകെ-10,75,000 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

ബയോബിന്നുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടിയിലൂടെ സഹൃദയ ടെക്ക് വൈറ്റില,എറണാകുളം എന്ന സ്ഥാപനവുമായി കരാർ വയ്ക്കുകയും താഴെ പറയും പ്രകാരം ഒരു ബയോബിന്നിന് 2150 രൂപ നിരക്കിൽ ബയോബിന്നുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തിയതി | ബയോബിന്നുകളുടെ എണ്ണം | വില | CGST | SGST | ആകെ വില |
|---|---|---|---|---|---|
| 125/22.3.25 | 250 | 1919.64 | 28795 | 28795 | 5,37,500 |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജെക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല

2 ബയോബിൻ വിതരണത്തിനായി ഹാജരാക്കിയ 573 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 സ്ഥാപനവുമായി 23.3.22 ന് കരാർ വെച്ചിട്ടുണ്ടെങ്കിലും കരാർ ഫോറം പൂരിപ്പിക്കുകയും വിഇഒ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.എത്ര രൂപയ്ക്കാണ് ബയോബിന്നുകൾ സഹൃദയ ടെക്ക് വിതരണം ചെയ്യുന്നതെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല.സപ്ലൈ ഓർഡറിൽ 2150 രൂപ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.(മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 16.2.23 ലെ 2(1) നമ്പർ തീരുമാനം.)

4 ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും താരതമ്യ പത്രിക ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4 പൂർണമായ ഇൻവോയ്സ് പരിശോധനയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5 സ്റ്റോക്ക് / വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.250 ബയോബിന്നുകൾ വിതരണം ചെയ്തതിന്റെ

പേപ്പറിൽ രേഖപ്പെടുത്തിയ കൈപ്പറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.കൈപ്പറ്റ് രശീതിയിൽ വർഷം ,ഗുണഭോക്താവിന്റെ മേൽവിലാസം,ബയോബിൻ കൈപ്പറ്റിയ സ്ഥലം,തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 12/ 15.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ 250 ബയോബിന്നുകളുടെ വില 5,37,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 ഹരിതകർമ്മസേന പ്രവർത്തനാവലോകനം

ആമുഖം

കേരളത്തിലെ നഗര,ഗ്രാമ പ്രദേശങ്ങളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് മാലിന്യനിർമ്മാർജനം.നിർമ്മിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.അജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നത് പരിലസ്ഥിതിക്ക് വലിയ ആഘാതമാണ് ഉണ്ടാക്കുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമായിരിക്കേണ്ടതാണ്. സുസ്ഥിര മാലിന്യനിർമ്മാർജന പദ്ധതികൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിതകർമ്മസേന.മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. കുടുംബശ്രീ മിഷൻ,ശുചിത്വ മിഷൻ ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ,കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമപ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക,ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

ഹരിത കേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.7.17 ലെ സ.ഉ (സാധ)നം 2420/2017/തസ്വഭവ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 23.4.18 ലെ10394/D-2017/KSHO നമ്പർ നടപടിക്രമങ്ങളിലൂടെ ഹരിതകർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും 12.8.20ലെ സ.ഉ(സാധ)നം 1496/20 തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗരേഖ അംഗീകരിച്ചതുമാണ്.

അടിസ്ഥാനവിവരങ്ങൾ

മൂർക്കനാട് ഗ്രാമ പഞ്ചായത്തിന് 22.69 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2019 വർഷത്തിലാണ് ആരംഭിച്ചത്.(ഹരിതകർമ്മസേന സംരംഭ രജിസ്ട്രേഷൻ നമ്പർ MLP/054/002/2085) .ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ40241ആണ്. 9250 വീടുകളും 1280 കടകളും 71 സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിലുണ്ട്. 19 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 13 സ്ഥിരാംഗങ്ങളാണ് ഹരിത കർമ്മസേനയ്ക്കുള്ളത്. നിലവിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിച്ചിട്ടില്ല. ഹരിതകർമ്മസേനാംഗങ്ങൾക്കിടയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനം നടക്കുന്നത്. വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50 രൂപയും കടകൾക്ക് 100 രൂപയുമാണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു. ഹരിതകർമ്മസേനയ്ക്കായി കേരള ഗ്രാമീണ ബാങ്ക് വെങ്ങാട് ബ്രാഞ്ചിൽ 40196101095908 അക്കൗണ്ട് തുറന്നിട്ടുണ്ട്.

വരുമാനം

മാലിന്യങ്ങൾ വിൽക്കുന്നതിലൂടെയുള്ള വരുമാനവും യൂസർ ഫീ പിരിവിലൂടെ ലഭിക്കുന്ന വരുമാനവുമാണ് ഹരിതകർമ്മസേനയുടെ പ്രധാന വരുമാനം .

ചെലവിന്റെ വിവരങ്ങൾ

2022-23 വർഷത്തിൽ ഹരിതകർമ്മസേനയ്ക്കുവേണ്ടി താഴെ പറയുന്ന പ്രൊജെക്ടുകൾ പ്രകാരമുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 70/ഹരിതകർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ SO<br>തനത് ഫണ്ട് | 1,00,000 | 64,990 |
| 2 | 73/ഹരിതകർമ്മസേനയ്ക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് SO<br>തനത് ഫണ്ട് | 1,80,400 | 1,46,500 |
| 3 | 217/എംസിഎഫ് കെട്ടിടം വാടക നൽകൽ<br>തനത് ഫണ്ട് | 1,00,000 | 42,246 |
| 4 | 33/എംസിഎഫിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം എത്തിക്കൽ വാടക നൽകൽ<br>ധനകാര്യകമ്മീഷൻ അവാർഡ് | 2,00,000 | 44,460 |
| 5 | 54/23 ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ SO | 325000 | 2,45,673 |
| 6 | 213 /ഹരിത മൂർക്കനാട്<br>ധനകാര്യ കമ്മീഷൻ അവാർഡ് | 450000 | 92,640 |

പ്രവർത്തനങ്ങൾ

1 12.8.20 ലെ സർക്കാർ ഉത്തരവ് (സാധ)നമ്പർ 1496/2020/തസ്വഭവ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിനാവശ്യമായ എംസിഎഫുകൾക്ക് വാർഡ് തലത്തിൽ കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ 1000 സ്കയർഫീറ്റിൽ കുറയാത്ത എംസിഎഫുകൾ നിർമ്മിക്കുകയോ വാടകയ്ക്ക് എടുക്കുകയോ വേണം. ഗ്രാമപഞ്ചായത്തിലെ 8 ാം വാർഡിലാണ് എം സി എഫ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ വാർഡ് തലത്തിൽ മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടില്ല.

എംസിഎഫുകളിൽ ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ,ഫയർ എക്സ്റ്റിൻഗ്വിഷറുകൾ സ്ഥാപിക്കുക, ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഒരുക്കുക, സാനിറ്ററി സൗകര്യങ്ങൾ ,വസ്ത്രം മാറുന്നതിനുള്ള സൗകര്യം ,കുടിവെള്ളം തുടങ്ങിയവയെല്ലാം മാർഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ മാലിന്യങ്ങൾ തരംതിരിച്ച സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.ഗുണമേന്മയുള്ള വയറിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

18.9.23 ന് എംസിഎഫ് സ്ഥിതി ചെയ്യുന്ന 8ാം വാർഡിൽ പരിശോധന നടത്തുകയുണ്ടായി. റോഡ് സൗകര്യം ഉള്ള പ്രദേശത്താണ് എംസിഎഫ് സ്ഥാപിച്ചിട്ടുള്ളത്.ആവശ്യത്തിന് സ്ഥലസൗകര്യം എംസിഎഫിൽ ഉണ്ടെങ്കിലും നിലവിൽ എംസിഎഫിൽ ബെയിലിംഗ് മെഷിൻ ഇല്ല. അഗ്നിശമനഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഫിറ്റ് ചെയ്തിട്ടില്ല. കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല.ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഹരിതകർമ്മസേനാ പ്രവർത്തകർക്ക് ഗ്ലൗസ് മാസ്ക്,ബൂട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനം സൗകര്യ പ്രദമല്ല.

2 2022-23 വർഷത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 331 *C5*/2019 SM LF. 17.3.20 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകാനും പരിശീലനത്തിനും 1.7.22 മുതൽ 31.3.23 വരെ 27,297 രൂപ പ്രതിമാസനിരക്കിൽ ഹരിതസഹായ സ്ഥാപനമായ സോഷ്യാ ഇക്കണോമിക് യൂനിറ്റ് ഫൗണ്ടേഷൻ മലപ്പുറത്തിന് ആകെ 2,45,673 രൂപ നൽകിയിട്ടുണ്ട്. 9.7.23 ലെ 1(2) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം ഹരിതകർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി മുണ്ടൂരുമായി 7.8.23 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

SEUFന്റെ 2023 ഏപ്രിൽ മാസത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരമുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹരിതകർമ്മസേനയ്ക്ക് തന്മാസം ലഭിച്ച യൂസർ ഫീ | 14,400 രൂപ |
| തൻമാസം സന്ദർശിച്ച വീടുകളുടെ എണ്ണം | 1125 |
| തൻമാസം കടകളിൽ നിന്നും ലഭിച്ച യൂസർ ഫീ | 400 |
| തനത് മാസം സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിവസങ്ങൾ | 38 |
| തനത് മാസം ആകെ ശേഖരിച്ച അജൈവ പാഴ്വസ്തുക്കളുടെ അളവ് | 4950 |

| | |
|---|---|
| | കിലോ |
| ഇതുവരെയായി ആകെ കൈയ്യൊഴിയപ്പെട്ട പുനരുപയോഗയോഗ്യമല്ലാത്ത പാഴ്‌വസ്തുക്കളുടെ അളവ് കിലോയിൽ | 40700 |
| തൻമാസം വിൽപ്പന നടത്തിയ പാഴ്‌വസ്തുക്കൾ | 84 കിലോ |
| ഇതുവരെയായി ആകെ വിൽപ്പന നടത്തിയ പാഴ്‌വസ്തുക്കളുടെ അളവ് കിലോയിൽ | 627 |
| ഇതുവരെയായി പാഴ്‌വസ്തു വിൽപ്പനയിൽ ലഭിച്ച ആകെ വരുമാനം | 8172 രൂപ |
| ഇതുവരെയായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനമിനത്തിൽ വിതരണം ചെയ്ത തുക | 88670 |

റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോയതിന് ഗ്രാമ പഞ്ചായത്ത് ഇക്കോ ഗ്രീൻ കോട്ടയ്ക്കൽ എന്ന സ്ഥാപനവുമായി കിലോഗ്രാമിന് 8 രൂപ നിരക്കിൽ 2.2.23 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ആയതിന് പദ്ധതി പ്രകാരം ഓഡിറ്റ് വർഷം 92,640 രൂപ ചെലവ് ചെയ്തിട്ടുണ്ട്. സ്ക്രാപ്പ് വിൽപ്പന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2 ഹരിതകർമ്മസേനാ സംരംഭകർക്ക് കൃത്യമായ യൂസർഫീസ് ലഭിക്കുന്നതിന് വേണ്ട സൗകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്.നിലവിൽ വീടുകളിൽ നിന്നും 26% യൂസർ ഫീസ് മാത്രമാണ് ലഭ്യമാകുന്നതെന്ന SEUF മലപ്പുറത്തിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്.ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വയ്ക്കേണ്ടതാണ്.എന്നാൽ അപ്രകാരം ഒരു കരാർ വച്ചിട്ടില്ല.SUEF ന്റെ 2023 ഏപ്രിൽ മാസത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ലഭിക്കുന്നില്ല.

3ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സ്ക്യൂട്ടിവ് ഡയറക്ടറുടെ 23.4.18ലെ10394/D-2027/KSHO വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

4ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി എംസിഎഫ് സ്ഥാപിക്കുന്നതിന് 13ാം വാർഡിൽ ശ്രീ വേലു മേലേപ്പറമ്പത്ത് എന്നയാളുടെ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുണ്ട്.(കെട്ടിട നമ്പർ 275,276) ഇരു റൂമുകൾക്കും കൂടി ഒരു മാസം 1900 രൂപ വാടക നിശ്ചയിച്ചിട്ടുണ്ട്.9.6.28 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ 1(8) നമ്പർ തീരുമാന പ്രകാരം 4 /2022 മുതൽ 12 /22 വരെ) കുടിശ്ശികയുൾപ്പടെ 42,246രൂപ ചെലവ് ചെയ്തിട്ടുണ്ട്. 2023 ജനവരി മുതൽ ശ്രീമതി.കദീജ എന്നവരുടെ വാടക കെട്ടിടത്തിലാണ് എം സിഎഫ് പ്രവർത്തിക്കുന്നത്. കരാറിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

5 മാലിന്യം കൊണ്ടുപോകുന്നതിനുള്ള വാഹന വാടക നൽകുന്നതിന് ശ്രീ മുഹമ്മദ് റഫീക്ക് പാലപ്പുറം എന്നയാൾക്ക് (കെ എൽ 53 S 5536 ) 44,460 രൂപ നൽകിയിട്ടുണ്ട്.(ക്വട്ടേഷൻ നടപടിയിലൂടെ കിലോമീറ്ററിന് 30 രൂപ നിരക്കിൽ) ടിയാന്റെ വാഹനത്തിന്റെ ട്രിപ്പ്ഷീറ്റുകൾ ബന്ധപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6 വിഇഒ നിർവഹണഉദ്യോഗസ്ഥനായി പ്രൊജെക്റ്റ് നമ്പർ 31 പ്രകാരം 10,77,500 രൂപയും പ്രൊജെക്റ്റ് നമ്പർ 66 പ്രകാരം 17,10,940 രൂപയും ചെലവഴിച്ച് മാലിന്യ നിർമ്മാർജനത്തിനായി ആയിരത്തിലധികം വീടുകളിലേക്ക് ബയോബിന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

രജിസ്റ്ററുകൾ / രേഖകൾ എന്നിവയുടെ സൂക്ഷിപ്പ്

1) രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ,കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തിയതിയിലും പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

2) കാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

3)മിനട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4)ഹരിതകർമ്മസേനാംഗങ്ങളുടെ ഹാജർ ബുക്ക് പരിശോധനയ്ക്ക ഹാജരാക്കിയില്ല

5)ഓരോ വാർഡിൽ നിന്നും എത്തുന്ന മാലിന്യങ്ങൾ തരംതിരിച്ച് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക ഹാജരാക്കിയില്ല.

6)ബാങ്ക് പാസ്ബുക്ക്പരിശോധനയ്ക്ക്ഹാജരാക്കി.

7)സെക്രട്ടറി, അസി. സെക്രട്ടറി , വിഇഒ എന്നീ നിർവഹണ ഉദ്യോഗസ്ഥരാണ് ഹരിതകർമ്മസേന സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത്. പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി.
8) വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ശുപാർശകൾ

1 ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് എംസിഎഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.പ്ലാന്റിന്റെ തുടർ പരിപാലനം ഉറപ്പ് വരുത്തുക.കൂടാതെ ഹരിതകർമ്മസേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ മിനി എംസിഎഫുകൾ സ്ഥാപിക്കുക. സ്വന്തമായി എംസിഎഫ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകള പരിശോധിക്കുക

2 ഹരിതകർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് മാർഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്.നിലവിൽ യൂസർഫീസും മാലിന്യങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയും ആണ് വരുമാനം.മാർഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ഹരിതകർമ്മസേനയുടെ വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ സ്രോതസ്സുകൾ കണ്ടെത്തുകയും യൂസർ ഫീസ് പൂർണമായും പിരിച്ചെടുക്കുകയും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നത് കുറച്ചുകൊണ്ടുവരുകയും ചെയ്യേണ്ടതാണ്.

3 ചിക്കൻ സ്റ്റാളുകൾ,അറവുശാലകൾ എന്നിവയിൽനിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016,പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016,ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്സ് 2016 എന്നിവ പാലിക്കുകയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5 ഹരിതകർമ്മസേനാംഗങ്ങൾക്ക് മാസ്ക്,ഗ്ലൗസ്,ഗൺബൂട്ട് എന്നിവ വിതരണം ചെയ്യുക. ഹരിതകർമ്മസേനാംഗംങ്ങൾക്കിടയിലുള്ള കൊഴിഞ്ഞുപോക്ക് നിരുത്സാഹപ്പെടുത്തുക. സ.ഉ (സാധാ) നം 1292/2021 /തസ്വഭവ തി. 8.7.21പ്രകാരം ഹരിതകർമ്മസേനാംഗങ്ങളെ സ്വയമെ താൽപ്പര്യമില്ലാത്ത പക്ഷം ജോലിയിൽ നിന്നും പിരിച്ചുവിടുന്നത് തടഞ്ഞിട്ടുണ്ട്.

6 സ.ഉ(സാധാ) നം 2341/2022/LSGDതി.26.9.22 ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഏകീകൃത നിരീക്ഷണ സംവിധാനമായ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം മാലിന്യ നിർമ്മാർജന സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തുക.
7ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

8 എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുകയും സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുക

9 മാലിന്യങ്ങൾ പൊതു സ്ഥലത്ത് അലക്ഷ്യമായി വലിച്ചെറിയുക, മലിന ജലം പൊതു സ്ഥലത്തേക്ക് ഒഴിക്കിവിടുക, പരിസരമലിനീകരണം നടത്തുക, ഹരിതകർമ്മസേനയുടെ നിർദേശം അനുസരിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന വ്യക്തികൾ,വീടുകൾ , സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുക

9 ജനങ്ങളിൽ മാലിന്യ സംസ്കരണത്തിൽ വേണ്ടത്ര അവബോധം സൃഷ്ടിച്ച് അവരെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.

10ഹരിതസേനയുടെ പ്രവർത്തനം ,മാലിന്യനിർമ്മാർജനം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുക. ശുചിത്വ മാലിന്യ നിർമ്മാരജന പദ്ധതികളുടെ ഏകോപനവും റിപ്പോർട്ടിംഗും കാര്യക്ഷമമാക്കുക

11 ഹരിതർമ്മസേനയുടെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ് റൂം ഉൾപ്പടെയുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും ലഭ്യമാക്കുകയും ആവശ്യമായ പിന്തുണയും സഹായവും ഉറപ്പ് വരുത്തുകയും ചെയ്യുക

12 ഹരിത കർമ്മസേനകളുടെ പ്രവർത്തനം കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുക.

ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് നമ്പർ 11/15.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

## 1-27-1 അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 22200099/01-06-2022<br>22200416/21-10-2022 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നൽകിയ തുക | 2,86,828<br>46,636 | രശീതി |
| 2 | 22200679/24-01-2023 | തദ്ദേശകം -2023 ഗൈഡിന് ന് DDP, മലപ്പുറത്തിന് നൽകിയ തുക | 6,900 | രശീതി, സ്റ്റോക്ക്- ഇഷ്യൂ വിവരങ്ങൾ |
| 3 | 22200914/25-03-2023 | വക്കീൽ ഫീസ് ഇനത്തിൽ അഡ്വ. ഷാനവാസ് ഖാന് നൽകിയത് | 15000 | രശീതി, കേസ് വിവരം |
| 4 | 22200931/26-03-2023 | ശ്രീമതി നെസ്സി വി, സീനി. ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് തുക ആതവനാട് ഗ്രാമ പഞ്ചായത്തിലേക്ക് നൽകിയത് | 12,000 | രശീതി |
| | | ആകെ | 367364 | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് 367364 രൂപ തടസ്സം ചെയ്യുന്നു.

## 1-27-2 ഡെപ്പോസിറ്റ് വർക്ക്-രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200869/19-03-2023 | കരുവള്ളിക്കുന്ന് കുഴൽക്കിണർ - യീൽഡ് ടെസ്റ്റ് നടത്തുന്നതിന് GWD, മലപ്പുറത്തിന് നൽകിയത് | 7865 | ടെസ്റ്റ് റിപ്പോർട്ട് |
| 2 | 22200911/24-03-2023 | സ്ട്രീറ്റ് മെയ്ൻ വലിക്കൽ<br>S0250/2023 | 7,56,782 | കൊളത്തൂർ KSEB സെക്ഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 764647 | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് 764647 രൂപ തടസ്സം ചെയ്യുന്നു.

## 1-28 റോഡ് കണക്ടിവിറ്റി മാപ്പ് &ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചില്ല

തദ്ദേശ സ്വയം വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം DB3/753/2013/CE/LID&EW തി.10.11.2022 ,പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ 31.10.2022 ലെ സർക്കുലർ നം.PAN/3173/2021-റ1(DP) എന്നിവ പ്രകാരം 30.11.2022 നകം R -Track Data Collection And Processingപൂർത്തികരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും ആണ് പദ്ധതി നടപ്പിലാക്കുന്നത് . Road Connectivity Mapping And Asset Digitalisation ( 238/23 ) എന്ന പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രതിഫലമായി 2 പേർക്ക് 10000 രൂപ വീതം നൽകിയിട്ടുണ്ട്. (ചെക്ക് നം.4626050/9.3.2023)പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട്

ഓഡിറ്റ് എൻക്വയറി നം 24/16.9.23 നൽകിയതിന് പദ്ധതിയുടെ ആദ്യഘട്ടമായ റോഡ് മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.പദ്ധതിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

### 1-29 കറന്റ് അക്കൌണ്ടിൽ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67386177108) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.22 ന് 2845878/- രൂപ മുൻബാക്കിയും 31.3.2023 ന് 4085797/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 2844249/- രൂപ , 4058430/- രൂപ).

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ തുക നിലനിർത്തി പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/22-23 Dtd 15.09.2023 ന് മറുപടി ലഭ്യമായില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -10,000 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം : S0083/2023

അടങ്കൽ- 2085368 (SCP-1085368, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്-500000, ജില്ലാപഞ്ചായത്ത് ഫണ്ട് -500000)

ബിൽ നം.12/16-02-2023 : 4,20,000

ബിൽ നം.13/27-02-2023 : 80,000

ബിൽ നം.16/19-03-2023 : 1,00,000

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം നൽകിയതായി കാണുന്നു -

| ക്രമ നം. | പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | ആദിത്യ പി | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി, MKH സ്കൂൾ ഓഫ് നഴ്സിംഗ്, തിരൂരങ്ങാടി | 20,000 | 15,000 | 5,000 |
| 2 | മന്യ പി.പി | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി, സത്യഭാമ സ്കൂൾ ഓഫ് നഴ്സിംഗ്, കടപ്പ | 20,000 | 15,000 | 5,000 |
| | | | | ആകെ | 10,000 |

അധികം നൽകിയ തുക 10,000 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 403722 | പ്രോ.നം.188/23, നെൽകൃഷി വികസനം | 403722 | 0 |
| 580000 | 580000 | പ്രോ.നം.186/23, ലൈഫ് ഭവന പദ്ധതി(എസ്.സി) | 580000 | |
| 1040000 | 1040000 | പ്രോ.നം.65/23, ലൈഫ് ഭവന പദ്ധതി(എസ്.സി)(SO) | 1040000 | |
| | 725500 | പ്രോ.നം.125/23 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 725500 | 0 |
| | 50000 | പ്രോ.നം.226/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| | 1600000 | പ്രോ.നം.176/23, ലൈഫ് ഭവന പദ്ധതി | 1600000 | 0 |
| ആകെ | | | 4399222 | |
| | 403750 | പ്രോ.നം.188/23, നെൽകൃഷി വികസനം | 403750 | 0 |
| 780000 | 780000 | പ്രോ.നം.65/23, ലൈഫ് ഭവന പദ്ധതി(എസ്.സി)(SO) | 780000 | 0 |
| 500000 | 500000 | പ്രോ.നം.83/23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 1740000 | പ്രോ.നം.176/23, ലൈഫ് ഭവന പദ്ധതി | 1740000 | 0 |
| ആകെ | | | 3423750 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോ.നം.35/23 കമ്പളാംകോട് കുടിവെള്ള പദ്ധതി തുക അടവാക്കൽ | 22200609/18-12-2022<br>22200848/07-03-2023 | 2035<br>41013 | 43048 | പൂർത്തീകരിച്ചു | 0 |
| കെ.എസ്.ഇ.ബി | പ്രോ.നം 95/23, റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 186553 Dtd.29.03.2023 | 120663 | 120663 | പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | പ്രോ.നം.250/23, സ്ട്രീറ്റ് മെയിൻ വലിക്കൽ | 22200911/24-03-2023 | 756782 | 756782 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | സ.ഉ(സാധാ)നം.49/2022 /09.03.2022 | 5640000 | 1384177 | 1286632 | 0 | 5737545 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19,582,760 |
| തൻവർഷം നിക്ഷേപിച്ച തുക | 1,364,520 |
| ആകെ | 20,947,280 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 20,947,280 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അർബൻ കോഓപ്പറേറ്റിവ് ബാങ്ക്, വെങ്ങാട് ശാഖ | 13966850 | 01802570 TO 579 |
| അർബൻ കോഓപ്പറേറ്റിവ് ബാങ്ക്, കൊളത്തൂർ ശാഖ | 6983431 | 12467 To 12471 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന് ട്രാക്ടർ-പദ്ധതിനിർവ്വഹണത്തിലെ അപാകത | നടപടി തുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |
| 2014-15 | 2(1) | 2016-17 | | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 2(1) | 2017-18 | | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് നോട്ടീസ് നമ്പർ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3-11 | എ സതീഷ് കുമാർ വി ഇ ഒ | LF17121/ SPL.CELL/ SC/D1/12 19-11-14 | 3671000 | | | | | | | 3671000 | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2009-10, 10-11 | 3-10 (2) | കെപി രാമചന്ദ്രൻ വി ഇ ഒ | LF/12205 /SPL.CELL /CSC/D1 /14 25-9-15 | 20000 | | | | | | | | 20000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 244230967 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 201976898 |
| വരവിനങ്ങളിലുള്ള നഷ്ടം | ൳ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2748011 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,000 | ശ്രീ. രാമകൃഷ്ണൻ കെ, അസി. സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 28,500 | ശ്രീമതി. അസ്മാബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 9,00,000 | 6,00,000 – ശ്രീ. ബി പ്രശാന്ത് , സെക്രട്ടറി<br>3,00,000 – ശ്രീ.ബെൻസി എ ബി, സെക്രട്ടറി |
| 1-22 | 1,50,000 | ഡോ. ആശ കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, FHC |
| 1-25 | 5,37,500 | ശ്രീമതി ഉഷാദേവി കെ വി.ഇ.ഒ |
| 1-27-1 | 3,67,364 | 2,86,828 –ശ്രീ. ബി പ്രശാന്ത് , സെക്രട്ടറി<br>80,536 – ശ്രീ.ബെൻസി എ ബി, സെക്രട്ടറി |
| 1-27-2 | 7,64,647 | ശ്രീ.ബെൻസി എ ബി, സെക്രട്ടറി |
| ആകെ | 27,48,011 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-18 | 30,000 | ശ്രീ. രാമകൃഷ്ണൻ കെ, അസി. സെക്രട്ടറി | കണ്ണൻതൊടി വീട് മണലായ, ആനമങ്ങാട്, മലപ്പുറം ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 മുതൽ 2001-02 വരെ | എൽ.എഫ്.എം13/3274/14/16-12-14 | 77 |

| | | |
|---|---|---|
| (പ്ലാൻ) | | |
| 2005-06 | കെ.എസ്.എ/എം.പി.എം27/361/23(1)/തീയതി 26.05.2023 | 2 |
| 2006-07 | കെ.എസ്.എ/എം.പി.എം27/2113/22(1)/തീയതി 01-10-2022 | 1 |
| 2008-09 | കെ.എസ്.എ/എം.പി.എം27/361/23(3)/തീയതി 26.05.2023 | 2 |
| 2009-10, 2010-11 | കെ.എസ്.എ/എം.പി.എം27/361/23(4)/തീയതി 26.05.2023 | 2 |
| 2011-12, 2012-13 | കെ.എസ്.എ/എം.പി.എം27/361/23(5)/തീയതി 26.05.2023 | 9 |
| 2013-14,2014-15 | കെ.എസ്.എ/എം.പി.എം27/361/23(6)/തീയതി 26.05.2023 | 8 |
| 2015-16 | കെ.എസ്.എ/എം.പി.എം27/361/23(7)/തീയതി 26.05.2023 | 4 |
| 2016-17 | കെ.എസ്.എ.എം.പി.എം.27/1880/17/9.7.2018 | 27 |
| 2017-18 | കെഎസ് എ എം പി എം27/1942/2018/11.05.2023 | 9 |
| 2018-19 | കെ.എസ്.എ/എം.പി.എം27/2807/2019/30.01.2023 | 13 |
| 2019-20 | കെ.എസ്.എ/എം.പി.എം27/1759/21/11-08-2022 | 5 |
| 2020-21 | കെ.എസ്.എ/എം.പി.എം27/1760/21/തീയതി 06-08-2022 | 10 |
| 2021-22 | കെ.എസ്.എ/എം.പി.എം27/3089/22/തീയതി 13.07.23 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Moorkanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Moorkanad Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Moorkanad Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.

- Ratios.
- Comparative amounts.

2. Cashflow Statement Net increase / decrease in cashflow (13460580/-) does not match with the difference between the opening balance and closing balance of cash and cash equivalents (11013952/-).
3. Asset register is not updated.

4. Bank Reconciliation Statement is not attested in every month

5.All the demand registers are not up to date and is not reliable for audit.

6. Loan register is not produced for audit

7. Fixed deposit as per deposit certificate does not match with B12 schedule in the financial statement.
8. Directly debited by bank- further action not taken.
9. Cheque directly credited by bank- further action not taken.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്